കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം – ക്രൂരകൃത്യങ്ങൾക്ക് വിധേയരായ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും അവരുടെ ആശ്രിതർക്കും ജോലി നൽകുന്നതിന് ചട്ടങ്ങൾ നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി/പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ. (കൈയ്യെഴുത്ത്) നം. 50/91/പജ.പവ.വി.വ. തിരുവനന്തപുരം, 3.12.91

---

പരാമർശം: 1) 30.8.1982-ലെ (കൈയെഴുത്ത്) 98/82/ഹ.ക്ഷേ.വ. നംപരിലുള്ള സർക്കാർ ഉത്തരവ്.
2) 4.4.1987-ലെ സ.ഉ.(എം.എസ്)നം.25/87/പജ.പവ.വി.വ.
3) 14.7.1986-ലെ എവി(3) 2561/85/ജി.ഡബ്ല്യു. നംപരിലും 16.8.1988-ലെ ഏ5/(3) 2561/85/ഗ.വി. എന്ന നംപരിലും ഉള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ കത്തുകൾ

.......

## ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിൽ മറ്റ് പലതിന്റെയും കൂട്ടത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1) ഇന്ത്യൻ പീനൽ കോഡിൽ വിവക്ഷിച്ചിട്ടുള്ളതും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരൊഴികെ മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരാൽ ചെയ്യപ്പെടുന്നതുമായ എല്ലാ [illegible] കുറ്റകൃത്യങ്ങളും ഈ ചട്ടങ്ങളെ സംബന്ധിച്ചിടത്തോളം പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ മേലുള്ള ക്രൂരതകളായി കണക്കാക്കുന്നതാണ്.

ii) ക്രൂരകൃത്യങ്ങൾക്കു വിധേയരായി മരണമടയുകയോ, ജോലി ചെയ്യുവാനുള്ള കഴിവ് സ്ഥിരമായി നഷ്ടപ്പെടുകയോ ചെയ്തിട്ടുള്ളവരുടെ കുടുംബത്തിലെ ഒരംഗത്തിനെങ്കിലും ജോലി നൽകണം. അങ്ങനെ ജോലി നൽകുന്നതുവരെ പ്രതിമാസം 50/- രൂപ വീതം അക്രമത്തിനിരയായ അംഗത്തെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ഉപജീവന അലവൻസായി നൽകണം.

2) മുകളിൽ പറഞ്ഞപ്രകാരം സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് താഴെപറയുന്ന ചട്ടങ്ങൾ പുറപ്പെടുവിക്കുന്നു.

എ) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത മറ്റ് സമുദായങ്ങളിൽപ്പെട്ടവരാൽ ക്രൂരതകൾക്ക് വിധേയമായി മരണമടയുകയോ, ജോലി ചെയ്ത് ജീവിക്കുവാൻ സ്ഥിരമായി കഴിവില്ലാതാവുകയോ ചെയ്യുന്ന പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളിന്റെ കുടുംബത്തിലെ ഒരു അംഗത്തിന് സർക്കാർ സർവ്വീസിൽ ജോലി ലഭിക്കാൻ അപേക്ഷിക്കാവുന്നതാണ്. മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകാനുദ്ദേശിക്കുന്ന തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതയും നിർദ്ദിഷ്ട പ്രായപരിധിയും ഉള്ളപക്ഷം നിയമനം നൽകുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കേണ്ടതില്ല.

ആശ്രിതർ:

3. (എ) മുകളിൽ 2-ാം ചട്ടത്തിൽ പറഞ്ഞിരിക്കുന്ന വിഭാഗത്തിൽപ്പെടുന്ന ആളിന്റെ കുടുംബാംഗമായി താഴെപ്പറയുന്നവരെ താഴെപ്പറഞ്ഞിരിക്കുന്ന മുൻഗണനാക്രമത്തിൽ കണക്കാക്കാവുന്നതാണ്.

(i) വിധവ/വിഭാര്യൻ
(ii) മകൻ

( iii ) മകൾ

(   ) സഹോദരൻ

(   ) സഹോദരി

(   ) അച്ഛൻ

(   ) അമ്മ

ബി) മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവരാരും ഇല്ലെങ്കിൽ അനന്തിരവനോ അനന്തിരവൾക്കോ ജോലി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കുറിപ്പ്:- അനന്തിരവൻ, അനന്തിരവൾ എന്നീ പദങ്ങൾകൊണ്ട് വിവക്ഷിക്കുന്നത് പുരുഷന്മാരെ സംബന്ധിച്ച് സഹോദരിയുടെ പുത്രനും പുത്രിയും സ്ത്രീകളെ സംബന്ധിച്ച് സഹോദരന്റെ പുത്രനും പുത്രിയുമാണ്.

സി) ദത്തുപുത്രനേയും ദത്തുപുത്രിയേയും മകനോ, മകളോ ആയി പരിഗണിക്കുന്നതല്ല.

ഡി) ഈ പദ്ധതിപ്രകാരം ഒരു കുടുംബത്തിൽ ഒരാൾക്ക് മാത്രമേ ജോലി ലഭിക്കുകയുള്ളൂ.

<u>നിയമനം നൽകാവുന്ന തസ്തിക</u>

4. (എ) അപേക്ഷകരുടെ വിദ്യാഭ്യാസയോഗ്യതയ്ക്കനുസരണമായി സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് എന്നീ സർവ്വീസുകളിലെ ഏറ്റവും താഴ്ന്ന ഗ്രേഡിലുള്ളതും നേരിട്ട് മാത്രം നിയമനം നടത്തുന്നതുമായ തസ്തികയിലേയ്ക്ക് ഈ പദ്ധതിപ്രകാരമുള്ള നിയമനം പരിമിതപ്പെടുത്തിയിരിക്കുന്നു.

(ബി) വിധവയ്ക്കും വിഭാര്യനും 55 വയസ്സ് തികയുന്നതിന് മുൻപ് വരെ ജോലി നല്കാം. മറ്റുള്ള ആശ്രിതർക്കാണെങ്കിൽ 50 വയസ്സ് കഴിയാൻ പാടില്ല.

<u>അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി</u>

5. (എ) സാധാരണഗതിയിൽ സംഭവം നടന്ന് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. ജോലി കിട്ടേണ്ടയാൾ മൈനർ ആണെങ്കിൽ പ്രായപൂർത്തിയായി മൂന്ന് വർഷത്തിനകം അപേക്ഷിക്കേണ്ടതാണ്. ഈ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് മുൻപ് നടന്നിട്ടുള്ള സംഭവമാണെങ്കിൽ ചട്ടങ്ങൾ പ്രസിദ്ധീകരിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിച്ചാൽ മതിയാകും.

നോട്ട്: 30.8.1982-നോ അതിനുശേഷമോ നടന്ന സംഭവങ്ങൾക്ക് മാത്രമേ ഈ പദ്ധതി അനുസരിച്ചുള്ള ആനുകൂല്യം ലഭ്യമാവുകയുള്ളൂ. അതിന് മുൻപുള്ള സംഭവങ്ങൾ ആധാരമായുള്ള അപേക്ഷകൾ പരിഗണിക്കപ്പെടുന്നതല്ല.

(ബി) അപേക്ഷകൾ നിശ്ചിത അപേക്ഷാഫാറത്തിൽ സമർപ്പിക്കേണ്ടതാണ്. (അപേക്ഷാഫാറം ഒന്നാം അനുബന്ധമായി ചേർത്തിരിക്കുന്നു.)

(സി) അപേക്ഷയോടൊപ്പം താഴെപറയുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കണം.

1) പോലീസ് ചാർജ്ജ് ചെയ്ത കേസിലെ പ്രഥമ വിവര റിപ്പോർട്ട്.
2) ചികിത്സിച്ച ആശുപത്രിയിൽ നിന്നുമുള്ള മെഡിക്കൽ/മുറിവ്/മരണാനന്തര പരിശോധനാ റിപ്പോർട്ട്. (ഇവ ഗവൺമെന്റ് സർവ്വീസിൽ അസിസ്റ്റന്റ് സർജനിൽ കുറയാത്ത ഗ്രേഡുള്ള ഒരു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം)
3) [illegible] തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
4) വയസ്സ് തെളിയിക്കുന്ന സ്കൂൾ സർട്ടിഫിക്കറ്റ്.

(5) യോഗ്യതകൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ

ഡി) അപേക്ഷ മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ സഹിതം അതാത് താലൂക്ക് തഹസീൽദാർക്ക് സമർപ്പിക്കേണ്ടതാണ്. തഹസീൽദാർ അപേക്ഷകൾ കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് സഹിതം അവ ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്. ജില്ലാ കളക്ടർ അപേക്ഷയിൻമേൽ ആവശ്യമായ അന്വേഷണങ്ങൾ നടത്തി ശുപാർശ രേഖപ്പെടുത്തി ഒരു മാസത്തിനകം സർക്കാരിലേയ്ക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഇ) ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ, അപേക്ഷിക്കുന്നയാളിന് നല്കാവുന്ന തസ്തിക ചൂണ്ടിക്കാണിക്കേണ്ടതും അതിലേയ്ക്ക് സർക്കാർ ഉത്തരവ് ലഭിക്കുന്നതുവരെ മറ്റ് നിയമനം നടത്താൻ പാടില്ലാത്തതും ആണ്.

<u>നിയമനം നല്കുന്നതിനുള്ള നടപടിക്രമം</u>

എഫ്) നിയമനം കഴിയുന്നതും അപേക്ഷിക്കുന്നയാൾ ആവശ്യപ്പെടുന്ന താലൂക്കിലോ അല്ലെങ്കിൽ ജില്ലയിലോ നല്കേണ്ടതാണ്. ആ ജില്ലയിൽ ഒഴിവില്ലെങ്കിൽ മാത്രമേ മറ്റൊരു ജില്ലയിൽ നിയമനം നല്കാവൂ. അങ്ങനെ മറ്റൊരു ജില്ലയിൽ നിയമിക്കപ്പെട്ടാൽ എത്രയും വേഗത്തിൽ ആളാവശ്യപ്പെട്ട ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം നല്കേണ്ടതാണ്.

<u>പൊതുചട്ടങ്ങൾ</u>

ജി) ഒരിക്കൽ നിയമനം സ്വീകരിച്ചുകഴിഞ്ഞാൽ തസ്തിക മാറാൻ അനുവദിക്കുന്നതല്ല.

എച്ച്) തെറ്റായ വിവരങ്ങൾ നല്കിയാണ് ജോലി നേടിയെടുത്തതെന്ന് ബോദ്ധ്യപ്പെട്ടാൽ ഉടൻ നിയമനം റദ്ദ് ചെയ്യുന്നതാണ്.

ഐ) കേസ് കോടതിയിൽ വിചാരണയിലിരിക്കുകയാണെങ്കിൽ നിയമനം നല്കുന്നതിന് അതിന്റെ വിധിയാകുന്നതുവരെ കാത്തിരിക്കേണ്ടതില്ല. വിധിയിൽ പ്രതിയെ ശിക്ഷിക്കാതെ വിട്ടു എന്ന കാരണത്താൽ നിയമനം റദ്ദാക്കേണ്ടതില്ല. എന്നാൽ ആരോപിക്കപ്പെടുന്ന കുറ്റം, അതായത്, ക്രൂരമായ ചെയ്തി നടന്നിട്ടേയില്ല എന്ന് കോടതി തീരുമാനിച്ചാൽ മാത്രം നിയമനം റദ്ദാക്കേണ്ടതാണ്.

6) ഈ അപേക്ഷകൾ എല്ലാ സ്ഥാനങ്ങളിലും കാലതാമസം കൂടാതെ കൈകാര്യം ചെയ്യേണ്ടതാണ്. അപേക്ഷയുടെ തീയതി, അപേക്ഷ കിട്ടിയ തീയതി, സർക്കാരിലേയ്ക്ക് അയച്ച തീയതി, നിയമനം നല്കിയ തീയതി, സർക്കാർ തീരുമാനം എന്തായിരുന്നു എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ ജില്ലാ കളക്ടർ ആഫീസിൽ സൂക്ഷിക്കേണ്ടതാണ്.

(മാതൃക രണ്ടാം അനുബന്ധമായി ചേർത്തിരിക്കുന്നു.)

ഗവർണ്ണറുടെ ഉത്തരവ് പ്രകാരം,

ഒപ്പ്. ജി. കെ. മൂർത്തി,
കമ്മീഷണർ ആന്റ് സെക്രട്ടറി.

എല്ലാ വകുപ്പ് മേധാവികൾക്കും,

ഉത്തരവുപ്രകാരം അയയ്ക്കുന്നത്
(ഒപ്പ്)
സെക്ഷനാഫീസർ

(ശരിപകർപ്പ്)

പട്ടികവർഗ്ഗ വികസന ഡയറക്ടർക്കുവേണ്ടി.